## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.953** 28/04/2017 -ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസവകുപ്പ് നടത്തിയ പരീക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസവകുപ്പ് നടത്തിയ ഏതെല്ലാം പരീക്ഷകളിലാണ് വീഴ്ച കണ്ടെത്തിയിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് ഈ വീഴ്ചകളുണ്ടായതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) 2017 മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ 20.03.2017 ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷ റദ്ദാക്കി 30.03.2017 ൽ പുന:പരീക്ഷ നടത്തുകയുണ്ടായി. 20.03.2017 ൽ നടന്ന ഗണിതശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പറിലുള്ള ചോദ്യങ്ങളും ഒരു സ്വകാര്യ സ്ഥാപനം നടത്തിയ മോഡൽ പരീക്ഷയുടെ ചോദ്യങ്ങൾക്കും സാമ്യമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പരീക്ഷ റദ്ദാക്കിയതും പുന:പരീക്ഷ നടത്തിയതും.<br>ഹയർ സെക്കണ്ടറി പരീക്ഷയിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. 2017 മാർച്ചിലെ പരീക്ഷകൾക്കു വേണ്ടി 226 ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിൽ 5 ചോദ്യപേപ്പറുകളെ സംബന്ധിച്ച് പാഠഭാഗത്തിനു പുറത്തു നിന്നുള്ള ചോദ്യങ്ങൾ, കഠിനമായ ചോദ്യങ്ങൾ, ചോദ്യങ്ങളിലെ സമാനത എന്നീ പരാതികൾ ഉയർന്നിട്ടുണ്ട്. |
| (ബി) എസ്.എസ്.എൽ.സി. കണക്ക് പരീക്ഷ റദ്ദാക്കി വീണ്ടും നടത്തിയതുമൂലം ഏകദേശം എത്ര വിദ്യാർത്ഥികളാണ് പ്രയാസമനുഭവിക്കേണ്ടി വന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) സർക്കാരിന്റെ ഇത്തരം വീഴ്ചകൾ കാരണം മാനസിക സംഘർഷം അനുഭവിക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ? | (സി) മേൽ പരാതികൾ ഉയർന്നപ്പോൾ പ്രസ്തുത ചോദ്യപേപ്പറുകളെ സംബന്ധിച്ച് എസ് സി ഇ ആർ റ്റി യിലെ വിദഗ്ധരുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ